# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 128

28/06/2016-ൽ മറുപടിയ്ക്ക്

## രോഗ വ്യാപനം

ചോദ്യം
ശ്രീ.മുല്ലക്കര രത്നാകരൻ
,, ഇ.കെ.വിജയൻ
,, ഇ.റ്റി. ടൈസൺ മാസ്റ്റർ
ശ്രീമതി ഗീതാ ഗോപി

മറുപടി
ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) സംസ്ഥാനത്തു നിന്നും തുടച്ചുനീക്കി എന്ന് അവകാശപ്പെട്ടിരുന്ന പല രോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഏതെല്ലാം രോഗങ്ങളാണ് ശ്രദ്ധയിൽപെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | എ) | വസൂരി ( Small Pox), പോളിയോ എന്നീ എന്നീ രോഗങ്ങൾ ആണ് സംസ്ഥാനത്ത് നിന്ന് തുടച്ചുനീക്കപ്പെട്ട, വാക്സിനിലൂടെ പ്രതിരോധിക്കാവുന്ന രോഗങ്ങൾ. ഈ രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടില്ല. മലേറിയ, ഡിഫ്തീരിയ തുടങ്ങിയ രോഗങ്ങൾ സംസ്ഥാനത്ത് നിന്നും തുടച്ചുനീക്കപ്പെട്ടിട്ടില്ല |
| ബി) ഇത്തരം രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി എന്തു നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | ഇത്തരം രോഗങ്ങൾ തിരികെ വരാതിരിക്കാനുള്ള ശക്തമായ രോഗപ്രതിരോധ സംവിധാനവും, രോഗനിരീക്ഷണ സംവിധാനവും സംസ്ഥാനത്ത് നിലവിലുണ്ട്. പോളിയോ രോഗത്തിനെതിരെയുള്ള തുള്ളിമരുന്നും, രണ്ട് ഡോസ് കുത്തിവെപ്പും കുഞ്ഞുങ്ങൾക്ക് സൗജന്യമായി നൽകിവരുന്നു. കൂടാതെ വർഷത്തിൽ രണ്ട് റൗണ്ട് വീതം എല്ലാ അഞ്ച് വയസ്സിനുതാഴെയുള്ള |

കുഞ്ഞുങ്ങൾക്കും പൾസ്പോളിയോ ഇമ്മ്യൂണൈസേഷനും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

എല്ലാ സർക്കാർ ആശുപത്രിയിലും സബ്സെന്റർ തലം മുതൽ കുട്ടികൾക്ക് പ്രതിരോധകുത്തി - വെയ്പുകൾ കൃത്യമായ കാലയളവിൽ തുടർച്ചയായി നൽകിവരുന്നുണ്ട്. ഇതിന് ഫീൽഡ് വിഭാഗം ജീവനക്കാർ മുതൽ ജില്ലാ പ്രോഗ്രാം ആഫീസർമാർ വരെ മേൽനോട്ടം വഹിക്കുന്നു.

മാത്രവുമല്ല പ്രതിരോധകുത്തിവെയ്പിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ, എല്ലാ കട്ടികൾക്കു പ്രതിരോധകുത്തിവെയ്പ് നൽകുന്നതിനായി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം 2014 ഏപ്രിൽ മാസം മുതൽ 'മിഷൻ ഇന്ദ്രധനുഷ്' എന്ന പരിപാടി നടത്തിവരുന്നു.

എല്ലാ ഗർഭിണികൾക്കും 2 ഡോസ് ടി.ടി വാക്സിൻ എടുക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

പ്രസ്തുത വാക്സിനേഷനുകൾ, എം.സി.ടി.എസ് ( MCTS) എന്ന രജിസ്ട്രേഷൻ സോഫ്റ്റ് വെയർ വഴി നിരീക്ഷണം നടത്തി. എല്ലാ ഗർഭിണികൾക്കും, കുട്ടികൾക്കും പ്രതിരോധവാക്സിൻ ലഭിച്ചുഎന്ന് ഉറപ്പ് വരുത്തുന്നു.

പോളിയോ രോഗനിരീക്ഷണത്തിന്റെ ഭാഗമായി 15

വയസിന് താഴെയുള്ള കുട്ടികളുടെ മലം പരിശോധിച്ച് എ.എഫ്.പി സർവ്വേലൻസ്, സ്റ്റേറ്റ് പോളിയോ ആഫീസറുടെ നേതൃത്വത്തിൽ നടത്തി പോളിയോരോഗം ഇല്ല എന്ന് സ്ഥിരീകരിക്കുന്നു. പ്രൈവറ്റ്/ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, മറ്റു ഡിപ്പാർട്ടുമെന്റുകളായ ആയുർവേദം, ഹോമിയോ എന്നിവിടങ്ങളിലും എ.എഫ്.പി സർവ്വൈലൻസ് നടത്തിവരുന്നു.

വിവിധരോഗങ്ങളെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചുമുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്ത് എന്നിവയിലൂടെയും, റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റേഷൻ തുടങ്ങിയ മേഖലകളിലും, എഫ്.എം റേഡിയോ വഴിയും തുടർച്ചയായി ബോധവൽക്കരണ പരിപാടികളും പ്രചാരണങ്ങളും നടത്തിവരുന്നു.

ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാവർക്കർ, അംഗൻവാടി ജീവനക്കാർ തുടങ്ങിയവർക്ക് കൃത്യമായി ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നു. ദേശീയ നഗര ആരോഗ്യ ദൗത്യത്തിനുകീഴിൽ പ്രതിരോധ കുത്തിവയ്പിനെപ്പറ്റി വീഡിയോ പരസ്യചിത്രങ്ങൾ നിർമ്മിച്ച് അനുയോജ്യമായ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിച്ചുവരുന്നു. പ്രതിരോധ കുത്തിവയ്പിലൂടെ പ്രതിരോധിക്കാൻ കഴിയുന്ന അസുഖങ്ങളെ കുറിച്ചുള്ള

| | |
|---|---|
| | കൈപ്പുസ്തകങ്ങളും ലഘുലേഖകളും എല്ലാ ജില്ലകളിലും ജില്ലാ പ്രോഗ്രാം ആഫീസ് മുഖേനയും, സംസ്ഥാന തലത്തിലും അച്ചടിച്ച് ആശുപത്രികൾ മുഖേനയും, ഫീൽഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും നൽകിവരുന്നു.<br>കൂടാതെ, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളെ ഉൾപ്പെടുത്തി Inter sectaral Co-ordination Committee നടത്തുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിലും, ബ്ലോക്ക്തലത്തിലും ഇത്തരം കമ്മിറ്റികൾ കൂടുകയും ബോധവത്ക്കരണ പ്രതിരോധപ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ